# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് -നഗരസഭ/മുനിസിപ്പൽ കോർപ്പറേഷൻ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ 01.07.2019 പ്രാബല്യത്തിൽ പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ധനകാര്യ (പി.ആർ.സി.ഡി) വകുപ്പ്

സ.ഉ.(എം.എസ്) നം. 89/2021/ധന തീയതി, തിരുവനന്തപുരം, 12/08/2021

---

പരാമർശം- 1. സ.ഉ (എം.എസ്) നം. 118/2016/ത.സ്വ.ഭ.വ തീയതി 17.08.2016
2. സ.ഉ. (എം. എസ്) നം. 414/2019/ധന തീയതി 06.11.2019
3. സ.ഉ. (എം.എസ്) നം. 40/2020/ധന തീയതി 17/03/2020
4. സ.ഉ. (അച്ചടി) നം. 27/2021/ധന തീയതി 10/02/2021

## ഉത്തരവ്

സംസ്ഥാനത്തെ നഗരസഭാ /മുനിസിപ്പൽ കോർപ്പറേഷൻ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ 01/07/2014 പ്രാബല്യത്തിൽ പരിഷ്കരിച്ചുകൊണ്ട് സൂചന 1 പ്രകാരം ഉത്തരവായിരുന്നു. ഇപ്രകാരം നിലവിലുള്ള സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും ശിപാർശകൾ സമർപ്പിക്കുന്നതിന് സൂചന 2 പ്രകാരം രൂപീകരിച്ച 11-ാം ശമ്പള പരിഷ്കരണ കമ്മീഷനോട് സൂചന 3 പ്രകാരം നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ശമ്പള പരിഷ്കരണ കമ്മീഷൻ 17.04.2021-ൽ നഗരസഭാ /മുനിസിപ്പൽ കോർപ്പറേഷൻ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ ശമ്പള പരിഷ്കരണ ശിപാർശകൾ സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. ശമ്പള പരിഷ്കരണ കമ്മീഷന്റെ ശിപാർശകളും സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് സൂചന 4-ലെ ഉത്തരവിൽ സ്വീകരിച്ചിട്ടുള്ള പൊതു മാനദണ്ഡമായ സ്റ്റേജ് റ്റു സ്റ്റേജ് ഫിക്സേഷനും മറ്റ് വ്യവസ്ഥകളും പരിഗണിച്ച് സംസ്ഥാനത്തെ നഗരസഭാ /മുനിസിപ്പൽ കോർപ്പറേഷൻ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ഇതോടൊപ്പമുള്ള അനുബന്ധത്തിൽ വിശദീകരിക്കും വിധം പരിഷ്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2) ശമ്പള പരിഷ്കരണം മൂലമുണ്ടാകുന്നഅധിക സാമ്പത്തിക ബാധ്യത അതാത് നഗരസഭകൾ/കോർപ്പറേഷനുകൾ തനത് ഫണ്ടിൽ നിന്ന് വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**രാജേഷ് കുമാർ സിംഗ്. ഐ.എ.എസ്**

അഡീഷണൽ ചീഫ് സെക്രട്ടറി(ധനകാര്യം)

1. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
2. ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (ഇ&ആർ. എസ്.എ) തിരുവനന്തപുരം
6. ഡയറക്ടർ, ഹെൽത്ത് സർവ്വീസസ്.
7. ഡയറക്ടർ, കില, തൃശ്ശൂർ
8. നഗരകാര്യ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം/കൊച്ചി/കോഴിക്കോട്.
9. എല്ലാ നഗരസഭ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
10. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
11. എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാനിട്ടേഷൻ മിഷൻ, തിരുവനന്തപുരം
12. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
13. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
14. നോഡൽ ഓഫീസർ, www.finance.kerala.gov.in
15. കരുതൽ ഫയർ /ഓഫീസ് കോപ്പി. (E 1785342)

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

## അനുബന്ധം

I. സംസ്ഥാനത്തെ നഗരസഭ/മുനിസിപ്പൽ കോർപ്പറേഷനുകളിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരെ നാല് കാറ്റഗറികളിലായി വ്യന്യസിച്ചിരിക്കുന്നു. ഇപ്പോഴത്തെ സമ്പ്രദായം തുടരുന്നതിനും എന്നാൽ ശമ്പള പരിഷ്കരണത്തിന് ടി നാല്ല കാറ്റഗറികളെ നിലവില്ലുള്ള പോലെ കാറ്റഗറി I (സ്കിൽഡ് വർക്കേഴ്സ്), കാറ്റഗറി II (അൺസ്കിൽഡ് വർക്കേഴ്സ്) എന്ന തരംതിരിവ് നിലനിർത്തി കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് താഴെപ്പറയുന്ന മാസ്ററർ ശമ്പള നിരക്കും, കാറ്റഗറി ഒന്നിനും രണ്ടിനും പ്രവേശന തസ്തികയിൽ ചുവടെ പട്ടികയിൽ പറയുന്ന പ്രകാരം പ്രത്യേക നിരക്കും 8,15,22,27 വർഷ സമയബന്ധിത ഗ്രേഡും അനുവദിക്കുന്നു.

**മാസ്റ്റർ ശമ്പളനിരക്ക്**

| നിലവില്ലുള്ള മാസ്റ്റർ ശമ്പള നിരക്ക് | പുതുക്കിയ മാസ്ററർ ശമ്പള നിരക്ക് |
|---|---|
| 17000-500-20000-550-22200-600-25200-650-27800-700-29900-800-33900-900-37500-1000-42500-1100-48000 | 23700-700-27900-800-31100-900-38300-1000-42300-1100-47800-1200-52600-1300-56500-1400-60700-1500-65200-1600-66800 |

**കാറ്റഗറി 1 ( സ്കിൽഡ് വർക്കേഴ്സ് ), കാറ്റഗറി II ( അൺസ്കിൽഡ് വർക്കേഴ്സ് )**

**വിഭാഗങ്ങൾക്ക് പുതുക്കിയ ശമ്പള സ്കെയിൽ :-**

| കാറ്റഗറി | നിലവില്ലുള്ള ശമ്പള സ്കെയിൽ | പുതുക്കിയ ശമ്പള സ്കെയിൽ |
|---|---|---|
| കാറ്റഗറി 1 | 17500-500-20000-550-22200-600-25200-650-27800-700-29900-800-33900-900-37500-1000-39500 | 24400-700-27900-800-31100-900-38300-1000-42300-1100-47800-1200-52600-1300-55200 |

| | | |
|---|---|---|
| കാറ്റഗറി II | 17000-500-20000-550-22200-600-25200-650-27800-700-29900-800-33900-900-37500 | 23700-700-27900-800-31100-900-38300-1000-42300-1100-47800-1200-52600 |

**01.04.2021 മുതൽ മുൻകാലപ്രാബല്യമുള്ള പുതുക്കിയ സമയബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷൻ :-**

നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി 8, 15, 22, 27 വർഷത്തെ സർവ്വീസ് കണക്കാക്കി ചുവടെപ്പറയുന്ന രീതിയിൽ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കാവുന്നതാണ്.

| പ്രവേശന തസ്തിക | 1-- ാം സമയബന്ധിത ഹയർ ഗ്രേഡ് | 2-- ാം സമയബന്ധിത ഹയർ ഗ്രേഡ് | 3-- ാം സമയബന്ധിത ഹയർ ഗ്രേഡ് | 4-- ാം സമയബന്ധിത ഹയർ ഗ്രേഡ് |
|---|---|---|---|---|
| കാറ്റഗറി 1 | | | | |
| **24400-700-27900-800-31100-900-38300-1000-42300-1100-47800-1200-52600-1300-55200** | 25100-700-27900-800-31100-900-38300-1000-42300-1100-47800-1200-52600-1300-56500-1400-57900 | 26500-700-27900-800-31100-900-38300-1000-42300-1100-47800-1200-52600-1300-56500-1400-60700 | 27900-800-31100-900-38300-1000-42300-1100-47800-1200-52600-1300-56500-1400-60700-1500-63700 | 31100-900-38300-1000-42300-1100-47800-1200-52600-1300-56500-1400-60700-1500-65200-1600-66800 |

| കാറ്റഗറി II | | | | |
|---|---|---|---|---|
| 23700-700-27900-800-31100-900-38300-1000-42300-1100-47800-1200-52600 | 24400-700-27900-800-31100-900-38300-1000-42300-1100-47800-1200-52600-1300-55200 | 25100-700-27900-800-31100-900-38300-1000-42300-1100-47800-1200-52600-1300-56500-1400-57900 | 26500-700-27900-800-31100-900-38300-1000-42300-1100-47800-1200-52600-1300-56500-1400-60700 | 27900-800-31100-900-38300-1000-42300-1100-47800-1200-52600-1300-56500-1400-60700-1500-63700 |

**II.ശമ്പള നിർണ്ണയത്തിനുള്ള ചട്ടങ്ങൾ**

**സ്റ്റേജ് ടു സ്റ്റേജ് ഫിക്സേഷൻ പട്ടിക :-**

| സ്റ്റേജ് നം . | മാസ്റ്റർ സ്കെയിലിലെ നിലവിലുള്ള സ്റ്റേജുകൾ | പുതിയ മാസ്റ്റർ സ്കെയിലിലെ സ്റ്റേജുകൾ | സ്റ്റേജ് നം . | മാസ്റ്റർ സ്കെയിലിലെ നിലവിലുള്ള സ്റ്റേജുകൾ | പുതിയ മാസ്റ്റർ സ്കെയിലിലെ സ്റ്റേജുകൾ |
|---|---|---|---|---|---|
| 1 | 2 | 3 | 1 | 2 | 3 |
| 1 | 17000 | 23700 | 22 | 29200 | 41300 |
| 2 | 17500 | 24400 | 23 | 29900 | 42300 |
| 3 | 18000 | 25100 | 24 | 30700 | 43400 |
| 4 | 18500 | 25800 | 25 | 31500 | 44500 |
| 5 | 19000 | 26500 | 26 | 32300 | 45600 |

| | | | | | |
|---|---|---|---|---|---|
| 6 | 19500 | 27200 | 27 | 33100 | 46700 |
| 7 | 20000 | 27900 | 28 | 33900 | 47800 |
| 8 | 20550 | 28700 | 29 | 34800 | 49000 |
| 9 | 21100 | 29500 | 30 | 35700 | 50200 |
| 10 | 21650 | 30300 | 31 | 36600 | 51400 |
| 11 | 22200 | 31100 | 32 | 37500 | 52600 |
| 12 | 22800 | 32000 | 33 | 38500 | 53900 |
| 13 | 23400 | 32900 | 34 | 39500 | 55200 |
| 14 | 24000 | 33800 | 35 | 40500 | 56500 |
| 15 | 24600 | 34700 | 36 | 41500 | 57900 |
| 16 | 25200 | 35600 | 37 | 42500 | 59300 |
| 17 | 25850 | 36500 | 38 | 43600 | 60700 |
| 18 | 26500 | 37400 | 39 | 44700 | 62200 |
| 19 | 27150 | 38300 | 40 | 45800 | 63700 |
| 20 | 27800 | 39300 | 41 | 46900 | 65200 |
| 21 | 28500 | 40300 | 42 | 48000 | 66800 |

(1) ശമ്പള പരിഷ്കരണത്തിന് 01.07.2019 മുതൽ മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്

(2) 01/07/2019 തീയതിയിൽ സേവനത്തിലുണ്ടായിരുന്ന എല്ലാ ജീവനക്കാരും 01.07.2019 പ്രാബല്യത്തിൽ പരിഷ്കരിച്ച ശമ്പള സ്കെയിലിലേയ്ക്ക് മാറേണ്ടതാണ്. ശമ്പള പരിഷ്കരണത്തിന് മറ്റൊരു തീയതി തെരഞ്ഞെടുക്കുന്നതിനുളള ഓപ്ഷൻ സൗകര്യം ഉണ്ടായിരിക്കുന്നതല്ല.

(3) മുകളിലെ സ്റ്റേജ് ഫിക്സേഷൻ പട്ടിക പ്രകാരം പ്രീറിവൈസ്ഡ് സ്കെയിലിലെ ശമ്പളത്തിന് ആനുപാതികമായി 01.07.2019-ലെ പരിഷ്കരിച്ച ശമ്പളം കണക്കാക്കേണ്ടതാണ്. ഇപ്രകാരം കണക്കാക്കുന്ന പരിഷ്കരിച്ച ശമ്പളം തസ്തികയുടെ പരിഷ്കരിച്ച ശമ്പള സ്കെയിലിന്റെ മിനിമത്തേക്കാൾ കറവാണെങ്കിൽ പരിഷ്കരിച്ച ശമ്പള സ്കെയിലന്റെ മിനിമത്തിൽ ശമ്പളം നിർണ്ണയിക്കേണ്ടതാണ്. മുൻകാല ശമ്പള പരിഷ്കരണങ്ങളിലേതുപോലെ പരിഷ്കരിച്ച ശമ്പളം നിർണ്ണയിക്കുന്നതിന് പ്രത്യേകിച്ച് ശമ്പള നിർണ്ണയ രീതി ഉണ്ടായിരിക്കുന്നതല്ല.

(4) 01/07/2019 വരെ നിലവിലുണ്ടായിരുന്ന ശമ്പളത്തിന് 01/07/2019 നു ശേഷം മുൻകാല പ്രാബല്യത്തിൽ മാറ്റമുണ്ടാവുകയാണെങ്കിൽ, അപ്രകാരം മാറ്റമുണ്ടായ ശമ്പളം സ്റ്റേജ് ഫിക്സേഷൻ പട്ടികയിൽ പ്രതിപാദിക്കുംപ്രകാരം നിർണ്ണയിക്കേണ്ടതാണ് .

(5) 01.07.2019 നോ അതിനുശേഷമോ നടന്ന എല്ലാ നിയമനങ്ങളും/പ്രൊമോഷനുകളും പരിഷ്കരിച്ച ശമ്പള സ്കെയിലിൽ നടന്നതായി കണക്കാക്കി ശമ്പളം ക്രമീകരിക്കേണ്ടതാണ്.

(6) പ്രീറിവൈസ്ഡ് സ്കെയിലിൽ 01.07.2019- ൽ കൈപ്പറ്റിയിട്ടുളള അടിസ്ഥാന ശമ്പളമാണ് ശമ്പള പരിഷ്കരണത്തിന് നിലവിലുളള ശമ്പളമായി കണക്കാക്കുന്നത്. 01.07.2019-ൽ ഇൻക്രിമന്റ് അനുവദനീയമാണെങ്കിൽ അതും കൂടി കണക്കാക്കാവുന്നതാണ്.

(7) 01/07/2019 ന് തൊട്ടുമുമ്പുള്ള ശമ്പള സ്കെയിലാണ് നിലവിലുളള ശമ്പള സ്കെയിലായി ശമ്പള നിർണ്ണയ ചട്ടങ്ങളുടെ ആവശ്യാർത്ഥം കണക്കാക്കേണ്ടത്. .

(8) പ്രീ-റിവൈസ്ഡ് ശമ്പളസ്കെയിലിൽ പേഴ്സണൽ പേ നിലവിലുളളവർക്ക് പ്രീറിവൈസ്ഡ് ശമ്പളസ്കെയിലിലെ അടിസ്ഥാന ശമ്പളം മാത്രം കണക്കാക്കിയാണ് പരിഷ്കരിച്ച സ്കെയിലിലെ ശമ്പള സ്റ്റേജ് കണക്കാക്കേണ്ടത്. നിലവിലുളള വ്യക്തിഗത ശമ്പളത്തെ (പേഴ്സണൽ പേ) 1.28 കൊണ്ട് ഗുണിച്ച് കിട്ടുന്ന സംഖ്യയെ 100 ന്റെ അടുത്ത ഗുണിതമായി നിജപ്പെടുത്തേണ്ടതാണ്. ഇപ്രകാരം നിജപ്പെടുത്തുന്ന തുക പരിഷ്കരിച്ച സ്കെയിലിൽ കണക്കാക്കിയിരിക്കുന്ന ശമ്പളത്തിന് തൊട്ടുമുകളിലുള്ള ഇൻക്രിമെന്റിനോട് (ഇൻക്രിമെന്റുകൾക്ക്) തുല്യമോ വലുതോ ആണെങ്കിൽ

ഇൻക്രിമെന്റിന് (ഇൻക്രിമെന്റുകൾക്ക്) തുല്യമായ തുക പരിഷ്കരിച്ച സ്കെയിലിൽ മുൻപേ നിർണ്ണയിച്ച അടിസ്ഥാന ശമ്പളത്തോട് ലയിപ്പിക്കേണ്ടതാണ്. ഇപ്രകാരം അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിച്ചതിന് ശേഷം, പേഴ്സണൽ പേയുടെ ബാക്കി ഭാഗമുണ്ടെങ്കിൽ ആയത് പരിഷ്കരിച്ച സ്കെയിലിൽ പേഴ്സണൽ പേ ആയി നിലനിർത്തേണ്ടതാണ്. പരിഷ്കരിച്ച പേഴ്സണൽ പേ ഒരു ഇൻക്രിമെന്റിനേക്കാൾ കുറവാണെങ്കിൽ ആയത് പേഴ്സണൽ പേ ആയി നിലനിർത്തുന്നതാണ്. ആയത് ഭാവിയിലെ ശമ്പള വർദ്ധനവിൽ അടിസ്ഥാനശമ്പളത്തോട് ലയിപ്പിക്കില്ല.

(9) പ്രീറിവൈസ്ഡ് സ്കെയിലിലെ റസിഡ്യുറി പേ, പരിഷ്കരിച്ച ശമ്പളസ്കെയിലിലെ പേ സ്റ്റേജ് നിർണ്ണയിക്കുന്നതിന് പരിഗണിക്കുകയില്ല. പ്രീ-റിവൈസ്ഡ് സ്കെയിലിലെ റസിഡ്യൂവറി പേ യെ 1.28 കൊണ്ട് ഗുണിച്ച് കിട്ടുന്ന സംഖ്യയെ 10 ന്റെ തൊട്ടടുന്ന ഗുണിതത്തോട് നിജപ്പെടുത്തിയതിനു ശേഷം പരിഷ്കരിച്ച ശമ്പളസ്കെയിലിലെ റസിഡ്യുയറി പേ ആയിത്തന്നെ നിലനിറുത്തേണ്ടതാണ്. ഇപ്രകാരം റസിഡ്യൂവറി പേ അനുവദിക്കുമ്പോൾ നിലവിലുള്ള വ്യവസ്ഥകൾ തുടരുന്നതാണ്.

(10) പരിഷ്കരിച്ച ശമ്പളസ്റ്റേജ് കണക്കാക്കുന്നതിന് പ്രീറിവൈസ്ഡ് ശമ്പളസ്കെയിലിലെ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് പരിഗണിക്കുകയില്ല. എന്നാൽ പ്രീറിവൈസ്ഡ് സ്കെയിലിൽ ലഭിച്ച സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുകളുടെ എണ്ണം പരിഷ്കരിച്ച ശമ്പള സ്കെയിലിൽ അവസാനത്തെ ഇൻക്രിമെന്റ് നിരക്കിൽ അനുവദിക്കേണ്ടതാണ്.

(11) പ്രീറിവൈസ്ഡ് സ്കെയിലിൽ പേഴ്സണൽ പേയും സ്റ്റാഗ്നേഷൻ ഇൻക്രിമെന്റും ഒരേ സമയം ലഭിച്ചിരുന്ന ജീവനക്കാരുടെ പേഴ്സണൽ പേ 1.28 കൊണ്ട് ഗുണിച്ച് 10 ന്റെ അടുത്തഗുണിതമായി നിജപ്പെടുത്തി റിവൈസ്ഡ് സ്കെയിലിൽ നിലനിർത്തുന്നതാണ്. എന്നാൽ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് മുൻ റൂൾ 10-ൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം നിലനിർത്തുന്നതാണ്.

(12) പേഴ്സണൽ പേ, റസിഡ്യൂവറി പേ എന്നിവയെ 1.28 കൊണ്ട് ഗുണിക്കുമ്പോൾ കിട്ടുന്ന സംഖ്യ യഥാക്രമം 100,10 എന്നിവയുടെ ഗുണിതങ്ങൾ ആണെങ്കിൽ അടുത്ത ഗുണിതമായി നിജപ്പെടുത്തേണ്ടതില്ല.

(13) നിലവിലെ ഇൻക്രിമെന്റ് തീയതിയിൽ മാറ്റമില്ലാതെ തുടരുന്നതാണ്.

(14) 01/07/2019 ന് ശൂന്യവേതനാവധി/സസ്പെൻഷൻ എന്നിവയിലുള്ള ജീവനക്കാർക്ക് തിരികെ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി പ്രാബല്യത്തിൽ 01.07.2019-ന് തൊട്ടുമുമ്പ് കൈപ്പറ്റിയ ശമ്പളത്തിന്റെ

അടിസ്ഥാനത്തിൽ ഈ ചട്ടങ്ങൾ പ്രകാരം ശമ്പളം നിർണ്ണയിക്കേണ്ടതാണ്.

(15) 01.07.2019-ൽ ശൂന്യവേതനാവധിയിൽ തുടരുന്ന ജീവനക്കാർക്ക് തിരികെ സർവ്വീസിൽ പ്രവേശിക്കുന്ന തീയതിയിൽ ശൂന്യവേതനാവധി തുടങ്ങുന്നതിന് മുമ്പുള്ള ശമ്പളം കണക്കാക്കി ശമ്പളം പരിഷ്കരിക്കേണ്ടതാണ്.

(16) സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് അനുവദിക്കുന്ന നിലവിലെ രീതി തുടരുന്നതാണ്. അഡീഷണൽ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് അനുവദിച്ചതിന് ശേഷമുള്ള പരമാവധി അടിസ്ഥാന ശമ്പളം മാസ്റ്റർ സ്കെയിലിന്റെ പരമാവധി ആയ Rs. 66,800/- അധികരിക്കാൻ പാടില്ലായെന്ന വ്യവസ്ഥയിൽ നാല് സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുകൾ വാർഷികമായും ഒന്ന് ദ്വൈവാർഷികമായും പരമാവധി 5 സ്റ്റാഗ്നേഷൻ ഇൻക്രിമന്റ് അനുവദിക്കാവുന്നതാണ്.

**<u>(III) അധികമായി കൈപ്പറ്റിയ തുക തിരികെ പിടിക്കൽ :-</u>**

എല്ലാ ജീവനക്കാരിൽ നിന്നും 13.12.2019 തീയതിയിലെ സ.ഉ(പി) നം.169/2019/ധന ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളതിൻപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങേണ്ടതാണ്.

**<u>(IV) ഉത്തരവിന്റെ പ്രാബല്യം</u>**

പുതുകക്കിയ നിരക്കിലുള്ള ശമ്പള വർദ്ധനവിന് **01.07.2019** മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

**<u>(V). ക്ഷാമബത്ത :-</u>**

സംസ്ഥാന ജീവനക്കാർക്ക് അനുവദിച്ചു നല്കിയ പോലെ ടി ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിയ്ക്കാവുന്നതാണ്. പുതുക്കിയ ശമ്പള നിരക്കിൽ ക്ഷാമബത്ത 01.01.2020 മുതൽ 4% ഉം 01.07.2020 മുതൽ 7% അനുവദിക്കാവുന്നതാണ്.

**<u>(VI) വീട്ടുവാടക അലവൻസ്:-</u>**

കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് ചുവടെ ചേർക്കുന്ന നിരക്കിൽ വീട്ടുവാടക അലവൻസ് അനുവദിക്കാവുന്നതാണ്.

| ക്രമ നം . | ക്ലാസ്സ് | സ്ഥലങ്ങൾ | അടിസ്ഥാന ശമ്പളത്തിന്റെ ശതമാനം | മിനിമം തുക (രൂപ) | പരമാവധി തുക (രൂപ) |
|---|---|---|---|---|---|
| 1 | എ | തിരുവനന്തപുരം , കൊല്ലം , കൊച്ചി , തൃശ്ശൂർ , കോഴിക്കോട് കണ്ണൂർ നഗരസഭാ പരിധികൾ | 10% | 2370 | 6600 |
| 2 | ബി | ജില്ലാ ആസ്ഥാനങ്ങളിലെ നഗരസഭകൾ | 8% | 2000 | 5300 |
| 3 | സി | ജില്ലാ ആസ്ഥാനങ്ങളൊഴികെയുള്ള മറ്റ നഗരസഭകൾ | 6% | 1500 | 4000 |

(VII) <u>സിറ്റി കോമ്പൻസേറ്ററി അലവൻസ്:-</u>

വീട്ടു വാടക അലവൻസ് പുതുക്കിയ നിരക്കിൽ നടപ്പിലാക്കുന്നതിനാൽ നിലവിലുള്ള സിറ്റി കോമ്പൻസേറ്ററി അലവൻസ് നിറുത്തലാക്കുന്നു.

(VIII) <u>കണ്ണട അലവൻസ് :-</u>

അഞ്ചു വർഷത്തിലൊരിക്കൽ അനുവദിക്കാറുള്ള കണ്ണട അലവൻസ് നിലവിലുള്ള 1200 രൂപയിൽ നിന്നും 1500 രൂപയായി വർദ്ധിപ്പിക്കുന്നു .

( IX) <u>ഹിൽ ടാക്ക് അലവൻസ് :-</u>

കെ . എസ് . ആർ പാർട്ട് I അപ്പന്റിംക്സ് IV പ്രകാരം ഹിൽ ഏരിയകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് കോമ്പൻസേറ്ററി അലവൻസ് എന്ന നിലയിൽ ചുവടെച്ചേർക്കുന്ന പ്രകാരം ഹിൽ ടാക്ക് അലവൻസ് അനുവദിക്കാവുന്നതാണ് .

| ശമ്പള നിരക്ക് | പ്രതിമാസ നിരക്ക് ( രൂപ ) |
|---|---|
| 43400 രൂപാ മുതൽ മുകളിലുള്ളവർക്ക് | 500 |
| 25100 രൂപയ്ക്ക് മുകളിലും 43400 രൂപയ്ക്ക് താഴെയും ഉള്ളവർക്ക് | 450 |
| 25100 രൂപ വരെ ഉള്ളവർക്ക് | 300 |

(X) **സ്പെഷ്യൽ അലവൻസ് :-**

പ്രതിമാസ സ്പെഷ്യൽ അലവൻസ് തുക നിലവിലുള്ള 125 രൂപയിൽ നിന്നും 140 രൂപയായി വർദ്ധിപ്പിക്കുന്നു.

(XI) **റിസ്ക് അലവൻസ് :-**

പ്രതിമാസ റിസ്ക് അലവൻസ് തുക നിലവിലുള്ള 200 രൂപയിൽ നിന്നും 220 രൂപയായി വർദ്ധിപ്പിക്കുന്നു.

(XII) **വാഷിങ് അലവൻസ് :-**

പ്രതിമാസ വാഷിങ് അലവൻസ് തുക നിലവിലുള്ള 200 രൂപയിൽ നിന്നും 220 രൂപയായി വർദ്ധിപ്പിക്കുന്നു.

(XIII) **ചൂൽ അലവൻസ് :-**

പ്രതിമാസ ചൂൽ അലവൻസ് തുക നിലവിലുള്ള 250 രൂപയിൽ നിന്നും 280 രൂപയായി വർദ്ധിപ്പിക്കുന്നു.

(XIV) **തയ്യൽക്കൂലി :-** ചുവടെപ്പറയുന്ന പ്രകാരം തയ്യൽക്കൂലി അനുവദിക്കുന്നു

| നിലവിലുള്ള നിരക്ക് ( രൂപ ) | പുതുക്കിയ നിരക്ക് ( രൂപ ) |
|---|---|
| ഒരു ബ്ലൗസിന് 125 രൂപ | ഒരു ബ്ലൗസിന് 140 രൂപ |

| | |
|---|---|
| ഒരു ഷർട്ടിന് 200 രൂപ<br>ഒരു ട്രൗസറിന് 300 രൂപ | ഒരു ഷർട്ടിന് 220 രൂപ<br>ഒരു ട്രൗസറിന് 330 രൂപ |

(XV) **യൂണിഫോം അലവൻസ് :-**

വർഷത്തിലൊരിക്കൽ നാലു ജോടി യൂണിഫോം അനുവദിച്ചുവരുന്ന നിലവിലെ സമ്പ്രദായം തുടരുന്നു. താൽക്കാലിക നഗരസഭാ കണ്ടിജന്റ് ജീവനക്കാർക്ക് വർഷത്തിലൊരിക്കൽ രണ്ടു ജോടി യൂണിഫോം അനുവദിക്കുന്നു

(XVI) **ഓവർക്കോട്ട് :-**

വനിതാ ജീവനക്കാർക്ക് വർഷത്തിലൊരിക്കൽ നാലു ജോടി ഓവർക്കോട്ട് അനുവദിച്ചുവരുന്ന നിലവിലെ സമ്പ്രദായം തുടരുന്നു

(XVII) **സോപ്പ് :-**

പ്രതിമാസം 400 ഗ്രാം സോപ്പ് അനുവദിച്ചുവരുന്ന നിലവിലെ സമ്പ്രദായം തുടരുന്നു .

(XVIII) **ഗംബൂട്ട് :-**

ഗാർബേജ് / വേസ്റ്റ് ഡിസ്പോസൽ ജോലികളിൽ ഏർപ്പെടുന്ന ജീവനക്കാർക്ക് വർഷത്തിലൊരിക്കൽ ഒരു ജോടി ഗംബൂട്ട് അനുവദിച്ചുവരുന്ന നിലവിലെ രീതി തുടരുന്നു. പ്രസ്തുത ആനുകൂല്യം ടി ജോലിയിൽ ഏർപ്പെടുന്ന താൽക്കാലിക നഗരസഭാ കണ്ടിജന്റ് ജീവനക്കാർക്കും അനുവദിക്കുന്നു .

(XIX) **ഗ്ലൗസ്:-**

ഗാർബേജ് / വേസ്റ്റ് ഡിസ്പോസൽ ജോലികളിൽ ഏർപ്പെടുന്ന ജീവനക്കാർക്ക് വർഷത്തിലൊരിക്കൽ രണ്ടു ജോടി ഗ്ലൗസ് അനുവദിച്ചുവരുന്ന നിലവിലെ സമ്പ്രദായം തുടരുന്നു. ടി ജോലിയിൽ ഏർപ്പെടുന്ന താൽക്കാലിക നഗരസഭാ കണ്ടിജന്റ് ജീവനക്കാർക്കും വർഷത്തിലൊരിക്കൽ ഒരു ജോടി ഗ്ലൗസ് അനുവദിക്കുന്നു.

**(XX) റെയിൻ കോട്ട് :-**

ഗാർബേജ് / വേസ്റ്റ് ഡിസ്പോസൽ ജോലികളിൽ ഏർപ്പെടുന്ന ജീവനക്കാർക്ക് രണ്ടു വർഷത്തിലൊരിക്കൽ ഒരു റെയിൻ കോട്ട് അനുവദിച്ചുവരുന്ന നിലവിലെ സമ്പ്രദായം തുടരുന്നു .

**(XXI) മെഡിക്കൽ റീ - ഇംബേഴ്സ്മെന്റ് :-**

29.09.2000 ലെ സ . ഉ(എം .എസ്) നം . 274/2000/ തസ്വഭവ നമ്പർ സർക്കാർ ഉത്തരവിൽ അനുവദിച്ച പ്രകാരം കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡൻസ്) ചട്ടങ്ങൾ പ്രകാരമുള്ള മെഡിക്കൽ റീ - ഇംബേഴ്സ്മെന്റ് അനുവദിച്ചു വരുന്ന നിലവിലെ സമ്പ്രദായം തുടരുന്നു.

**(XXII) മെഡിക്കൽ ചെക്ക് അപ്പ് & ഹെൽത്ത് കാർഡ് :-**

17/08/2016 തീയതിയിലെ സ . ഉ ( എം.എസ് ) നം .118/2016/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള നിലവിലെ സമ്പ്രദായം തുടരുന്നു.

**(XXIII) ബാദ്ധ്യത എഴുതിത്തള്ളൽ :-**

നിലവിലുള്ള സമ്പ്രദായം തുടരുന്നതാണ് .

**(XXIV) ഭിന്നശേഷിക്കാരായ ജീവനക്കാർക്കുള്ള സ്പെഷ്യൽ അലവൻസ്:-**

ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് നിലവിൽ സ്പെഷ്യൽ അലവൻസായി പ്രതിമാസം അനുവദിച്ചുവരുന്ന 800 രൂപ 1100 രൂപയായി വർദ്ധിപ്പിക്കുന്നു. സ്പെഷ്യൽ അലവൻസ് അനുവദിക്കുന്നതിനുള്ള നിലവിലുള്ള വ്യവസ്ഥകൾ തുടരുന്നതാണ്.

**(XXV) ഭിന്നശേഷിക്കാരായ കുട്ടികളുള്ള മാതാപിതാക്കൾക്കുള്ള വിദ്യാഭ്യാസ അലവൻസ് :-**

പൊതുവിദ്യാലയങ്ങളിലും സ്പെഷ്യൽ സ്കൂളുകളിലും പഠിക്കുന്ന മാനസികവും ശാരീരികവുമായാ വെല്ലുവിളികളുള്ള കുട്ടികളുള്ള ജീവനക്കാർക്ക് വിദ്യാഭ്യാസ അലവൻസായി പ്രതിമാസം അനുവദിച്ചുവരുന്ന 600 രൂപ 1000 രൂപയായി

വർദ്ധിപ്പിക്കുന്നു. വിദ്യാഭ്യാസ അലവൻസ് അനുവദിക്കുന്നതിനുള്ള നിലവിലുള്ള വ്യവസ്ഥകൾ തുടരുന്നതാണ്.

**(XXVI) ചൈൽഡ് കെയർ അലവൻസ്:-**

വാർഷിക പരിധി **21000** രൂപയായി നിജപ്പെടുത്തി, ചൈൽഡ് കെയർ അലവൻസായി പ്രതിമാസം അനുവദിച്ചുവരുന്ന 1500 രൂപ 1750 രൂപയായി വർദ്ധിപ്പിക്കുന്നു ചൈൽഡ് കെയർ അലവൻസ് അനുവദിക്കുന്നതിന് 16.04.2013 ലെ സ . ഉ ( പി ) നം .172/2013/(150)/ ധന , 24/07/2013 ലെ സ . ഉ ( പി ) നം .360/13/(171)/ ധന , 30/07/2016 ലെ സ . ഉ ( പി ) നം .110/2016/(15)/ ധന ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ് .

**(XXVII) വിദ്യാഭ്യാസ ആനുകൂല്യങ്ങൾ :-**

മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെയും എസ് . സി / എസ് . ടി ജീവനക്കാരുടെയും കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്ന നിലവിലെ സമ്പ്രദായം തുടരുന്നതാണ് .

**(XXVIII) ജോലി സമയവും ഹാജർ രേഖപ്പെടുത്തലും :-**

17/08/2016 തീയതിയിലെ സ . ഉ ( എം . എസ് ) നം .118/2016/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള നിലവിലെ സമ്പ്രദായം തുടരുന്നതാണ് .

**(XXIX) അവധി ആനുകൂല്യങ്ങൾ**

നിലവിൽ അനുവദനീയമായ അവധി ആനുകൂല്യങ്ങൾ തുടരുന്നതാണ്.

**(XXX) പെൻഷൻ:-**

കേരള നഗരസഭ/മുനിസിപ്പൽ കോർപ്പറേഷൻ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ പെൻഷൻ ആനുകൂല്യം സംബന്ധിച്ച് പിന്നീട് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.